പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1685 — 8-6-2018 ലെ മറുപടിക്ക്

## നിപാ വൈറസ് ബാധയുടെ പേരിൽ കാർഷിക രംഗത്ത് പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>" ഗീതാ ഗോപി<br>ശ്രീ.കെ.രാജൻ<br>" വി.ആർ.സുനിൽ കുമാർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) നിപാ വൈറസ് ബാധ ചൂണ്ടിക്കാണിച്ച് കൊണ്ട് കേരളത്തിൽ നിന്നുള്ള പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഇറക്കുമതി ഗൾഫ് രാജ്യങ്ങളിൽ നിരോധിച്ച് ഉത്തരവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) ഉണ്ട്. ബഹറൈൻ, യു.എ.ഇ എന്നീ രാജ്യങ്ങൾ താത്കാലിക നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) റംസാൻ കാലത്ത് കേരളത്തിൽ നിന്നുള്ള പഴം, പച്ചക്കറി എന്നിവയുടെ വലിയ വിപണിയായ ഗൾഫ് മേഖലയിൽ നിരോധനം വരുന്നത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) താത്കാലിക നിരോധനം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ വിലയിരുത്തൽ നടത്തി വരുന്നു. |
| (സി) നിപാ വൈറസ് ബാധയുടെ പേരിൽ കാർഷിക രംഗത്ത് പ്രതിസന്ധി ഉണ്ടാകാതിരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) & (ഡി) നിപാ വൈറസ് ഭീതിയെത്തുടർന്ന് കൈതച്ചക്ക വിപണിയിൽ ഇടിവ് ഉണ്ടായി എന്ന പരാതിയിൻമേൽ, വാഴക്കുളത്തെ കൈതച്ചക്ക |

| | |
|---|---|
| | ഗ്രോവേഴ്സ് അസോസിയേഷൻ, ഫാർമേഴ്സ് & ട്രേഡേഴ്സ് അസോസിയേഷൻ എന്നിവരുമായി ബഹു.കൃഷി വകുപ്പ് മന്ത്രി തൃശ്ശൂരിലും എറണാകുളത്തു വച്ച് വിശദമായി ചർച്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വാഴക്കുളം അഗ്രോ ഫ്രൂട്ട്സ് പ്രോസസ്സിംഗ് കമ്പനി എന്നിവ സംയുക്തമായി കൈതചക്ക സംഭരിക്കുവാൻ ബഹു.മന്ത്രി നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 3-6-18 വരെ 127 മെ.ടൺ സംഭരിച്ചിട്ടുണ്ട്. സംഭരണം ഇപ്പോഴും തുടരുന്നു. സംഭരിക്കുന്ന കൈതച്ചക്ക സംഭരണ വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് വിവിധ ജില്ലകളിലെ ഹോർട്ടികോർപ്പ് വിപണികളിലൂടെ വിതരണം ചെയ്യുന്നു. കൂടാതെ വാഴക്കുളം അഗ്രോ ഫ്രൂട്ട്സ് പ്രോസസ്സിംഗ് യൂണിറ്റിന്റെ സൗകര്യമുപയോഗിച്ച് കൈതച്ചക്ക പൾപ്പാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) നിപാ ഭീതിയെത്തുടർന്ന് വാഴക്കുളത്തെ കൈതച്ചക്ക വിപണിയിൽ സംജാതമായ പ്രതിസന്ധി പരിഹരിക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ വ്യക്തമാക്കുമോ? | |

അണ്ടർ സെക്രട്ടറി